# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, വയനാട്

No.WS(3)3674/08 നോർത്ത് കൽപ്പറ്റ
കാററഗറി നമ്പർ : 091/ 2006. തീയതി: 14.7.09

## <u>വിജ്ഞാപനം</u>

13-10-2006 തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം **വയനാട് ജില്ലയിൽ** വിവിധ വകുപ്പിൽ 4000-6090 രൂപ ശമ്പള നിരക്കിൽ സാർജന്റ് തസ്തികയിലേക്കുളള (കാറ്റഗറി നമ്പർ 91/2006) തെരഞ്ഞെടുപ്പിനായി 19.10.2007 തീയ്യതിയിൽ നടത്തിയ OMR പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്നുകണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാപട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പരീക്ഷയുടെ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ മാത്രമാണ് ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

Cജിസ്റ്റർ നമ്പറുകൾക്ക് മുമ്പിലായി ' W ' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

## <u>മുഖ്യപട്ടിക</u>

| | | | | | |
|---|---|---|---|---|---|
| **100002** | **100007** | **100008** | **100010** | **100012** | **100013** |
| **100016** | **100018** | **100020** | **100027** | | |

## <u>ഉപപട്ടികകൾ</u>

### <u>(1) ഈഴവ</u>

**100009** **100015**

### <u>(2) പട്ടിക ജാതി</u>

**ഇല്ല**

### <u>(3) പട്ടിക വർഗ്ഗം</u>

**ഇല്ല**

### <u>(4) മുസ്ലീം</u>

**100001** **100026**

(contd…2)

(5) ലാറ്റിൻ കാത്തലിക്

ഇല്ല

(6) ഒ.ബി.സി.

**100022 100024**

(7) വിശ്വകർമ്മ

ഇല്ല

(8) എസ്.ഐ.യു.സി. നാടാർ/ആംഗ്ലോ ഇൻഡ്യൻ

ഇല്ല

(9) ഒ.എക്സ്.

ഇല്ല

(10) ധീവര

ഇല്ല

**കുറിപ്പ്: 1** അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായാണ് ഈ പട്ടികയിൽ രജിസ്ററർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2: ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ എഴുതാത്ത യാതൊരു അവകാശവും തുടർന്ന് സ്വീകരിക്കുന്നതല്ല.

3: സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് യോഗ്യത, ജനനതീയ്യതി, ജാതി എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ (നേരത്തെ ഹാജരാക്കാത്തവർ) അസ്സൽ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്. അഭിമുഖത്തിനുശേഷം ആവശ്യമായ പ്രമാണങ്ങളുടെ പകർപ്പുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളുടേയും അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടെയും രജിസ്റ്റർ നമ്പറുകൾ ഒരറിയിപ്പും കൂടാതെതന്നെ ഈ സാധ്യതാപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

(contd…3)

പരീക്ഷയിൽ മുപ്പത്തിയഞ്ച്(35) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാപട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തിയാണ് ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നത്.

ഈ സാധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, 19.12.2008-ലെ സർക്കാർ ഉത്തരവ് നം.117/2008/SCST/DD പ്രകാരം നോൺ–ക്രീമീലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ആയത് അഭിമുഖത്തിന്റെ സമയത്ത് ഹാജരാക്കേണ്ടതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ–ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത ഓപ്പൺ കോംപറ്റീഷൻ ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. മറ്റു പിന്നോക്ക സമുദായങ്ങളുടെ ഉപപട്ടികകളിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം അവരുടെ രജിസ്റ്റർ നമ്പറുകൾ ഒരറിയിപ്പും കൂടാതെ തന്നെ ഈ സാധ്യതാപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

ജാതി–സമുദായം–സംവരണാനുകൂല്യത്തിനായി പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പ്പെട്ടവർ തഹസിൽദാരിൽനിന്നും 22-3-05 ന് ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും മിശ്രവിവാഹിതരായ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ തഹസിൽദാരിൽ നിന്നും 20.11.08-ന് ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും അതിന്റെ രണ്ട് പകർപ്പുകളും ഹാജരാക്കേണ്ടതാണ്. **സാധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളുടെയും സർട്ടിഫിക്കറ്റ് പരിശോധന -7-09 തീയ്യതിയിൽ . മണിയ്ക്ക് വയനാട് ജില്ലാ പി.എസ്.സി. ഓഫീസിൽ വെച്ച് നടത്തുന്നതാണ്**. സാധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാകുന്നതിനുവേണ്ടി വ്യക്തിഗത മെമ്മോ അയക്കുന്നതാണ്.

നിലവിലുള്ള നടപടിക്രമമനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഉത്തരക്കടലാസ് പുന:പരിശോധന നടത്തുന്നതല്ല. എന്നാൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം സാധ്യതാപട്ടികയിൽ ഉൾപ്പെട്ടവരുൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസുകൾ പുന:പരിശോധിക്കാൻ അവസരം ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉണ്ടായിരിക്കുന്നതാണ്.

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

**പി. വിജയൻ**
**ജില്ലാ ഓഫീസർ**

**Jk/kpsc1/SL-WS(3)3674-08dt.14.7.09Surgent**